അന്തിമ മറുപടി

# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2294** **06.10.2016 -ൽ മറുപടിക്ക്**

## സർക്കാർ ഭൂമി സംരക്ഷിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും കൈയ്യേറ്റങ്ങൾ തടയുന്നതിനുമായി പുതുതായി എന്തെങ്കിലും നടപടികൾ കൈക്കൊള്ളുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കാമോ ? | (എ) 1957 ലെ കേരള ഭൂസംരക്ഷണ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും പുതിയ കൈയ്യേറ്റങ്ങൾ ഉണ്ടാകാതെ തടയുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ, താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് കയ്യേറ്റങ്ങൾക്കെതിരെയുള്ള പരിശോധന നടത്തിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും റോഡ് പുറമ്പോക്ക്, ഇറിഗേഷൻ വകുപ്പ് വക ഭൂമിയിലെ കയ്യേറ്റങ്ങൾ തുടങ്ങിയവ ഒഴിപ്പിക്കുന്നതിനും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ